മി. സ്പീക്കർ: ഇന്ന് വളരെ ഹെക്റ്റിക് ഷെഡ്യൂളാണ്. ഇന്നത്തെ ബിസിനസ്സിൽ ഫിനാൻസ് ബിൽ ഉൾപ്പെടെ ആറ് നിയമങ്ങൾ പാസ്സാക്കേണ്ടതുണ്ട്. ഒപ്പം 37 സബ്മിഷനുകളുമുണ്ട്. നിയമസഭയ്ക്കകത്ത് ഇതുവരെ സബ്മിഷൻ അവതരിപ്പിക്കാൻ അവസരം ലഭിക്കാത്ത അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സബ്മിഷന് ഉൾപ്പെടെ അവസരം നൽകിയിട്ടുണ്ട്. അതുപോലെ, ഇന്നത്തെ റൂൾ 50, സഭയ്ക്കകത്ത് കഴിഞ്ഞ വെള്ളിയാഴ്ച ശ്രീ. മോൻസ് ജോസഫിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയിട്ടുണ്ട്. എന്നിരുന്നാലും ഒരു മുതിർന്ന അംഗം കൊണ്ടുവന്ന ഉപക്ഷേപമെന്ന നിലയിൽ ചെയർ അനുമതി നൽകുകയാണ്. അനുമതി നൽകുമ്പോൾ പാലിക്കേണ്ട സമയകൃത്യത പാലിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട അംഗവും തയ്യാറാകണമെന്ന് ചെയർ വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് പറഞ്ഞ കാര്യങ്ങളോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുകയാണ്. ഞങ്ങൾ ഏറ്റവും ചുരുക്കി സമയകൃത്യത പാലിച്ചുകൊണ്ട് ചെയറുമായി സഹകരിക്കുകയാണ്.

ഇന്നലെ നടന്നതെന്താണ്, ഇന്നലെ മന്ത്രിമാർ എത്ര സമയമാണ് എടുത്തത്? ഞങ്ങളുടെ എല്ലാ അംഗങ്ങളും 10 മിനിട്ട് എന്ന സമയകൃത്യത പാലിച്ച് ബഹുമാനപ്പെട്ട ചെയറുമായി പൂർണ്ണമായും സഹകരിച്ചു. മന്ത്രിമാർ എത്ര സമയം എടുത്തുവെന്ന് അങ്ങ് രേഖകൾ പരിശോധിക്കണം. അത് ഏകപക്ഷീയമാകരുത്, അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഞങ്ങൾ ഇന്ന് റൂൾ 50-യിൽ പൂർണ്ണമായും സഹകരിക്കാം. ഞങ്ങൾ അല്ലാതെ മറ്റ് ഏത് പ്രതിപക്ഷമാണ് ബില്ലുകൾ പാസ്സാക്കുന്നതിൽ ഇത്രയേറെ സഹകരിച്ചിട്ടുള്ളത്? ഒരു ദിവസം സാധാരണയിൽ കൂടുതൽ ബില്ലുകൾ വന്നിട്ടും പൂർണ്ണമായും അതിനോട് സഹകരിച്ചിട്ടുണ്ട്. ബി.എ.സി.-യിലും സഭയിലും ഇതുപോലെ ഒരു കാലത്തും ഒരു പ്രതിപക്ഷവും സഹകരിച്ചിട്ടില്ല. അത്രമാത്രം ഞങ്ങൾ സഹകരിക്കുകയാണ്.

## II. നടപടികൾ നിർത്തിവച്ചുള്ള ഉപക്ഷേപം

ഡാമുകൾക്ക് ചുറ്റും ബഫർ സോൺ ഏർപ്പെടുത്തൽ

മി. സ്പീക്കർ: ജലവിഭവ വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളുടെ ജലനിരപ്പിൽനിന്നും 20 മീറ്റർ വരെയുള്ള പ്രദേശം ബഫർ സോണായി

പ്രഖ്യാപിക്കുകയും ഇതിനുപുറത്തുള്ള 100 മീറ്റർ ചുറ്റളവിൽ നിർമ്മാണത്തിന് എൻ.ഒ.സി. നിഷ്കർഷിക്കുകയും ചെയ്ത സർക്കാർ ഉത്തരവുമൂലം ഡാമുകളുടെ ചുറ്റിലും താമസിക്കുന്ന ജനങ്ങൾക്ക് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. മോൻസ് ജോസഫ്, അൻവർ സാദത്ത്, പി. ഉബൈദുള്ള, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഈ രൂപത്തിൽ വന്നതിൽ സന്തോഷമേയുള്ളൂ. ഇതിന് ആധാരമായ പ്രശ്നങ്ങൾ നമ്മുടെ സഭയിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. നിയമസഭയിലെ ചോദ്യോത്തരവേളയിൽ ബഹുമാന്യനായ മുതിർന്ന അംഗം ശ്രീ. സണ്ണി ജോസഫാണ് ഇതുമായി ബന്ധപ്പെട്ട ആശങ്ക ആദ്യം പങ്കുവച്ചത്. അന്ന് ഞാൻ പറഞ്ഞ മറുപടി വളരെ വ്യക്തമായിരുന്നു. എന്നാൽ തുടർന്ന് ഡിമാന്റ് ഡിസ്കഷൻ നടന്ന സമയത്ത് ബഹുമാന്യനായ അംഗം മോൻസ് ജോസഫും ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. അന്ന് ഞാൻ

അതിന് മറുപടി പറഞ്ഞു. പക്ഷെ മറുപടി കേൾക്കാനുള്ള ഭാഗ്യം ശ്രീ. മോൻസ് ജോസഫിന് ഉണ്ടായില്ലായെന്നുള്ളത് ഖേദകരമായി പോയി. അവർ അന്ന് സഭ വിട്ടിറങ്ങി പോയിയെന്നുള്ളതുകൊണ്ട് അതറിയാൻ ഒരു പക്ഷെ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടാവില്ല.

ഇത് ഒരു ആശയകുഴപ്പത്തിന്റെയോ ആശങ്കയുടെയോ നിഴലിൽ നിൽക്കേണ്ട വിഷയമല്ല. എന്തുകൊണ്ടാണ് ഇതുണ്ടായത്, ഇതിനാധാരമായ വിഷയമെന്താണ്? ഞാൻ അതിന്റെ മെറിറ്റിൽ നിന്നുകൊണ്ടുമാത്രമെ സംസാരിക്കുന്നുള്ളൂ. നമ്മുടെ സംസ്ഥാനത്ത് ജലസംഭരണികളും അനുബന്ധ സാഹചര്യങ്ങളും ഉയർന്നുവരുന്ന പശ്ചാത്തലത്തിൽ നിർമ്മിതികളെല്ലാം പരിരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും നമ്മുടെ ആവശ്യമാണ്. വേനൽക്കാലമാകുമ്പോൾ ജലസംഭരണികളിലെ ജലം കുടിവെള്ളമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കണം. വർഷകാലമാകുമ്പോൾ അല്ലെങ്കിൽ വെള്ളപ്പൊക്കമുണ്ടാകുന്ന സമയത്ത് സുരക്ഷാ മാനദണ്ഡങ്ങളുടെ ഭാഗമായി അതിനെ സംരക്ഷിക്കാനും സാധിക്കണം. ഈ നിലയിലൊക്കെ നമ്മുടെ ജലാശയങ്ങളെയും ജലസംഭരണികളെയും

സംരക്ഷിക്കുവാനും അതിനെ പരിരക്ഷിക്കുവാനുമുള്ള ചുമതലയും ഉത്തരവാദിത്വവും നമ്മളിൽ നിക്ഷിപ്തമാണ്. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന സാഹചര്യം പരിശോധിച്ച് നോക്കിയാൽ No Objection Certificate (NOC) നൽകുന്ന ഒരു സ്ഥിതിവിശേഷം മുൻകാലങ്ങളിലും ഉണ്ടായിരുന്നു. അത് ആവശ്യമായിരുന്നു. ഏതൊരു നിർമ്മിതിക്കും ഇപ്പോഴും ബന്ധപ്പെട്ട വകുപ്പോ സമീപസ്ഥ മേഖലയിൽനിന്നോ എൻ.ഒ.സി. വാങ്ങുകയെന്നുള്ളത് തുടർന്നുവന്നിരുന്ന കാര്യമാണ്. എന്നാൽ ഇവിടെ കാണേണ്ടത്, ഡാം സേഫ്റ്റി ആക്റ്റ് വന്നതോടുകൂടി ഡാം സേഫ്റ്റി അതോറിറ്റിയുടെ  അധികാരം ഇല്ലാതായി. ആക്റ്റ് വരുന്നതിനുമുമ്പുണ്ടായിരുന്ന ഘട്ടങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ചെയ്തിരുന്നതിനെക്കുറിച്ച് കൃത്യമായി ബോധ്യപ്പെട്ടും. എങ്കിൽപ്പോലും അതിനുശേഷം ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ ചെയർമാനായിരുന്ന കമ്മിറ്റി ഓരോ കേസുകളും പ്രത്യേകമായി പരിശോധിച്ച് അതിന് എൻ.ഒ.സി. നൽകിവരുന്ന സ്ഥിതിയായിരുന്നു തുടർന്നുവന്നിരുന്നത്. ഈ ഘട്ടത്തിലാണ് ഒരു കേസ് നിലവിലുണ്ടായത്. ആ കേസിനാധാരമായ വിഷയം, കെ.ടി.എസ്.

റിസോർട്ട് കൺസ്ട്രക്ഷൻ എൻ.ഒ.സി.-ക്കായി എൻ.ഒ.സി. കമ്മിറ്റി ചെയർപേഴ്സൺ എന്ന നിലയിൽ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് അപേക്ഷ നൽകി. 14-06-2024-ലെ ഉത്തരവുപ്രകാരം ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ എൻ.ഒ.സി. കമ്മിറ്റി ചെയർപേഴ്സൺ എന്ന നിലയിൽ പ്രസ്തുത അപേക്ഷ നിരസിച്ചു. പ്രസ്തുത കൺസ്ട്രക്ഷൻ ബാണാസുര സാഗർ ഡാമിനോട് വളരെ അടുത്താണെന്നതും പെർമനന്റ് കൺസ്ട്രക്ഷനാണെന്നുള്ളതുകൊണ്ടും സർക്കാർ നിലവിൽ പുറപ്പെടുവിച്ച ഗൈഡ്‌ലൈനുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന സമയമായതുകൊണ്ടും 10 മീറ്ററിന് അകത്തുവരുന്ന കൺസ്ട്രക്ഷനായതുകൊണ്ട് ഒരു ഡാമിന്റെ അടുത്തുനിന്ന് 10 മീറ്ററിൽ ഒരു റിസ്സോർട്ടോ കൺസ്ട്രക്ഷനോ ഉണ്ടായാൽ എന്തായിരിക്കും സ്ഥിതിയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഇതിനുവേണ്ടി വ്യക്തമായ നയസമീപനം രൂപപ്പെടുത്തിവരുന്ന സമയമായതിനാൽ അത് വരുന്നത് വരെ കാത്തിരിക്കുക. ആ സമയത്താണ് ഇതുമായി ബന്ധപ്പെട്ട് എൻ.ഒ.സി. നൽകാനാവില്ലെന്ന് കമ്മിറ്റി തീരുമാനിച്ചതിനെ കോടതിയിൽ ചോദ്യം ചെയ്തത്. പ്രസ്തുത വിഷയം കോടതി മുമ്പാകെ വരികയും കോടതി

നിരീക്ഷിക്കുകയും ചെയ്തു. കോടതി ആ കേസ് നിരീക്ഷിച്ചതിനുശേഷം അത്തരം കാര്യങ്ങളോട് സ്വീകരിച്ച സമീപനം നമുക്ക് കാണാൻ സാധിക്കും. അപേക്ഷകന്റെ പ്രധാന ആവശ്യം ടിയാന്റെ സ്ഥാപനത്തിന് താൽക്കാലിക എൻ.ഒ.സി. നൽകണമെന്നുള്ളതായിരുന്നു. 02-12-2024-ലെ ഇടക്കാല ഉത്തരവിൽ കോടതി ഇപ്രകാരം നിരീക്ഷിച്ചു. കുറഞ്ഞത് രണ്ടാഴ്ചയെങ്കിലും എടുത്താൽ മാത്രമെ വയനാട് ജില്ലയിലെ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഗൈഡ്‌ലൈൻസ് പുറപ്പെടുവിക്കാനാകുവെന്ന് ഗവൺമെന്റ് പ്ലീഡർ വാദിച്ചു. അപ്രകാരം ഗൈഡ്‌ലൈൻസ് അന്തിമമാക്കി കഴിഞ്ഞതിനുശേഷം എൻ.ഒ.സി. നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാനാവൂ. കോടതി അത് നിരീക്ഷിക്കുകയും 07-01-2025-ലെ ഇടക്കാല ഉത്തരവിൽ കോടതി താഴെപ്പറയുന്ന നിരീക്ഷണവും നടത്തി.

‘ 26-12-2024-ൽ സർക്കാർ പുറത്തിറക്കിയ ഉത്തരവ് പഠിക്കാനും അപഗ്രഥിക്കാനും ഗവൺമെന്റ് പ്ലീഡർ സമയം ആവശ്യപ്പെടുകയും കേസ് മാറ്റിവയ്ക്കുകയും ചെയ്തു.’

ഉപക്ഷേപത്തിനോടനുബന്ധമായ നോട്ടിന്റെ വിശദാംശങ്ങളിൽ പഴശ്ശി ഡാമിൽനിന്നും പത്ത് കിലോമീറ്റർ അകലെയുള്ള ശ്രീ. സുരേഷ് കുമാറിന്റെ വീടിന്റെ നമ്പരുമായി ബന്ധപ്പെട്ടുള്ള വിഷയം കണ്ടു. ശ്രീ. സുരേഷ് കുമാറിന്റെ അപേക്ഷ ജലവിഭവ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭിച്ചു. വസ്തുവിന്റെ ഡോക്യുമെന്റ് വെരിഫിക്കേഷൻ നടത്തുന്നതിനാവശ്യമായ രേഖകൾ ആവശ്യപ്പെട്ടു. ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടം മാക്സിമം വാട്ടർ ലെവലിൽനിന്ന് 10 മീറ്റർ ഉള്ളിലാണെന്ന് കണ്ടു. മുൻകൂർ അനുമതിയില്ലാതെ ഭാഗികമായി പൂർത്തിയാക്കി നിൽക്കുന്ന കെട്ടിടത്തിന്റെ വിഷയമാണ് ഒന്ന്. അതുപോലെ ശ്രീമതി ദീപ സമർപ്പിച്ച അപേക്ഷയും നിരസിച്ചിട്ടില്ല. അത് പരിശോധിച്ചുവരികയാണ്. ഈ കെട്ടിടം വീടിന് വേണ്ടിയുള്ളതായതുകൊണ്ടും ഇത് റഗുലറൈസ് ചെയ്യേണ്ട ആവശ്യം, നിലവിൽ ഒരു വീടിന്റെ പശ്ചാത്തലത്തിൽ ചെയ്തുകൊടുക്കേണ്ടതായതുകൊണ്ടും ഇത് നിരസിക്കുകയില്ല, അത് പരിഗണിക്കാൻ കഴിയുമെന്ന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപ നോട്ടീസിലെ ആദ്യത്തെ കാര്യത്തിന് മറുപടിയായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ആ അപേക്ഷ ഇതുവരെ

നിരസിച്ചിട്ടില്ല. ഇപ്പോൾ വന്നിരിക്കുന്ന രണ്ടാമത്തെ വിഷയം, 26-12-2024-ൽ പുറപ്പെടുവിച്ച ഉത്തരവുമായി ബന്ധപ്പെട്ടുള്ളതാണ്. ഈ ഉത്തരവ് പുറപ്പെടുവിക്കാൻ ആധാരമായ വിഷയം ഞാൻ സൂചിപ്പിച്ചു. കോടതിയിൽ ഇങ്ങനെയൊരു പരാമർശം വരുമ്പോൾ ആ കേസിൽ സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും താൽപര്യം സംരക്ഷിക്കണം. ഡാമുകളും അതിനോടനുബന്ധമായി വരുന്ന നിർമ്മിതികളും ഏതുവിധത്തിലായിരിക്കണം എന്നതിനെക്കുറിച്ച് നമുക്ക് ബോധ്യം വേണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഡാം സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്ന് 'ബഫർ' എന്ന വാക്ക് ഉപയോഗിക്കുന്നില്ലെങ്കിലും ചെറിയ അകലം കാത്ത് പരിപാലിക്കേണ്ടതില്ലേ? പട്ടയ ഭൂമിയിൽ അത്തരം നിർമ്മിതികൾ ചെയ്യുന്നതിന് അവകാശം വേണമെന്നുള്ളതായിരിക്കുമല്ലോ അടുത്ത ചോദ്യം. പക്ഷെ അവിടെ നമ്മൾ വീക്ഷിക്കേണ്ടത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ്, ആ റോഡിന്റെ ഭാഗത്തുനിന്ന് പട്ടയ ഭൂമിയാണെങ്കിൽപ്പോലും നിശ്ചിത അകലം കഴിഞ്ഞല്ലേ കൺസ്ട്രക്ഷൻ അനുവദിക്കുകയുള്ളൂ. ഇതൊക്കെ നമുക്ക് ആവശ്യമാണെന്ന് ആലോചിക്കാം. സഭയുടെ പൊതുചിന്താഗതിക്കുവേണ്ടി

ഞാൻ പറയുകയാണ്. വീടുകളിൽ സെപ്റ്റിക് ടാങ്ക് നിർമ്മിക്കാൻ നിശ്ചിത അകലം നിഷ്കർഷിക്കുന്നുണ്ടല്ലോ; എന്തിനാണ് ഇത് പറയുന്നത്? ഭാവിയിൽ കലാമിറ്റിയോ മറ്റ് ഇഷ്യൂസോ ഉണ്ടായാൽ അതിന്റെ സംരക്ഷണവും രക്ഷാപ്രവർത്തനങ്ങൾക്കുള്ള അവസരം രൂപപ്പെടുത്താൻ ആവശ്യമായ നടപടി മാത്രമെയുള്ളൂ. എങ്കിലും അർഥശങ്കയ്ക്ക് ഇടയില്ലാതെ പറയുന്നു, ഈ വിഷയം കേരളത്തിൽ വല്ലാത്ത ഒരു അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ രാഷ്ട്രീയവൽക്കരിക്കാതെ പൊതുവായ ആവശ്യമായി കാണണം. പക്ഷെ, ജനങ്ങളിൽ ആശങ്ക നിലനിൽക്കുന്നുവെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഇത്തരം വിഷയങ്ങളോട് യോജിപ്പ് പ്രകടിപ്പിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്ന പശ്ചാത്തലം നിലവിലുണ്ടെന്ന് പൊതുവിൽ മനസ്സിലാക്കുകയും അക്കാര്യം ഗവൺമെന്റ് ചർച്ച ചെയ്യുകയും ചെയ്തു. അതിന്റെ പശ്ചാത്തലത്തിൽ 26-12-2024-ലെ ഉത്തരവ് അത് അന്തിമമായി പരിഗണിക്കേണ്ടതില്ല, ചില മാറ്റങ്ങളും ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെയും ആ ഉത്തരവ് മാറ്റിയെന്നുപറഞ്ഞാൽ അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുതന്നെ ജനങ്ങൾക്ക് ആശങ്കയില്ലാത്ത വിധത്തിൽ അത് മോഡിഫൈ ചെയ്യും. 26-12-2024-ലെ ഉത്തരവ് ഇതോടുകൂടിതന്നെ

അർഥശങ്കയ്ക്കിടയില്ലാതെ മാറ്റപ്പെടുത്തി ഈ വിഷയം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്നുള്ളതാണ് സർക്കാർ നിലപാട്.

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി 26-12-2024-ലെ ഉത്തരവ് ആശങ്കക്ക് ഇടയില്ലാത്ത വിധത്തിൽ തിരുത്തുമെന്നും അതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുമെന്നും പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. സദുദ്ദേശ്യത്തോടുകൂടി ജനങ്ങൾക്കുവേണ്ടിയാണ് ഞങ്ങൾ ഈ വിഷയം സഭ മുമ്പാകെ കൊണ്ടുവന്നിരിക്കുന്നത്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെയും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെയും ഈ വിഷയം ശ്രീ. സണ്ണി ജോസഫ് ആദ്യം ചോദ്യോത്തരവേളയിൽ ഉന്നയിച്ചിരുന്നു. ജലവിഭവ വകുപ്പിന്റെ ഡിമാൻഡ് ഡിസ്കഷനിൽ ഇക്കാര്യം ഞാൻ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തു. ഞങ്ങൾ അന്ന് സഭയിൽനിന്ന് വാക്ക് ഔട്ട് ചെയ്തത് ആശാ വർക്കർമാരുടെ സമരം ഗവൺമെന്റ് ഒത്തുതീർപ്പാക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ടും പ്രതിപക്ഷ നേതാവിന്റെ സംസാരം പൂർണമായും ഭരണകക്ഷിയംഗങ്ങൾ തടസ്സപ്പെടുത്തിയതുകൊണ്ടുമാണ്. അന്നേദിവസം

മന്ത്രിമാരുടെ മറുപടി കേൾക്കാൻ ഇരിക്കുന്നില്ല എന്നൊരു നിലപാടെടുത്തുകൊണ്ട് ആശാ വർക്കർമാർക്ക് അഭിവാദ്യമർപ്പിക്കാൻ ഞങ്ങൾ ഇവിടെനിന്നും നടന്ന് പ്രകടനമായി സെക്രട്ടേറിയറ്റ് പടിക്കൽ പോവുകയും ചെയ്തതുകൊണ്ടാണ് ഞങ്ങൾക്ക് ആ മറുപടി കേൾക്കാൻ സാധിക്കാത്തത്. പക്ഷെ പിന്നീട് മന്ത്രിയുടെ മറുപടി സഭാരേഖകളിൽനിന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അന്ന് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങൾ പരിശോധിക്കും, ദോഷമില്ലാതെ അക്കാര്യങ്ങൾക്ക് തീർപ്പുണ്ടാകും എന്ന് പറഞ്ഞെങ്കിലും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ ഇതുവച്ച് കൊലവിളി ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിലാണ് ഇപ്പോൾ ഈ വിഷയം വീണ്ടും റൂൾ 50 ആയി കൊണ്ടുവന്നിരിക്കുന്നത്. അതാണ് അങ്ങ് ശ്രദ്ധിക്കേണ്ട വിഷയം. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എം.എൽ.എ.-മാരുടേതുൾപ്പെടെ ഏത് കാര്യത്തിനും എൻ.ഒ.സി. ആവശ്യപ്പെടും. എൻ.ഒ.സി. ആവശ്യപ്പെടുന്നതൊക്കെ ആവശ്യമാണ്; അത് നടക്കട്ടെ. എങ്കിലും ഇതിനൊക്കെവേണ്ടി ആളുകളെ നടത്തിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന ഒരു പരിപാടി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഏത് കാര്യത്തിന് പോയാലും

തീർച്ചയും തീരുമാനവുമില്ലാതെ താഴെയുള്ള ഉദ്യോഗസ്ഥർ...... ഈ ഉത്തരവിന്റെ ആദ്യത്തെ ഇരയാണ് ഇവിടെ ചൂണ്ടിക്കാണിച്ച കണ്ണൂരുള്ള ശ്രീ. സുരേഷ് കുമാർ. 10 സെന്റ് ഭൂമിയിൽ ശ്രീ. സുരേഷ് കുമാർ നിർമിച്ച വീടിന്റെ എൻ.ഒ.സി.-യുമായി ബന്ധപ്പെട്ട് അയാളെ കഷ്ടപ്പെടുത്തുകയാണ്. നിലവിൽ ഇയാൾക്ക് വീട്ടുനമ്പർ കിട്ടിയിട്ടില്ല. ഇത്തരത്തിലുള്ള നിരവധി വിഷയങ്ങളുണ്ട്. മറ്റൊന്ന് ശ്രീമതി ദീപയുടെ കാര്യമാണ്. ഞങ്ങൾ റൂൾ 50-ൽ വ്യക്തികളുടെ പേര് എടുത്തുപറഞ്ഞത് ഈ ഉത്തരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാരണം ആളുകൾ പ്രതിക്കൂട്ടിലാകുന്നത് സ്പെസിഫിക്കായി അങ്ങ് വിലയിരുത്താനും മനസ്സിലാക്കാനും വേണ്ടിയാണ്. ആ കേസ്സുകൾ പ്രത്യേകമായി പരിശോധിച്ച് പരിഹരിക്കുമെന്ന് അങ്ങ് പറഞ്ഞതിനെ സ്വാഗതം ചെയ്യുകയാണ്. അത് നല്ല കാര്യമാണ്. ഇത്തരത്തിലുള്ള ഓരോ ആളുകളുടെയും ആവശ്യം നിയമസഭയിൽ കൊണ്ടുവരാൻ കഴിയുമോ. സംസ്ഥാനത്തൊട്ടാകെ ഇതൊരു പ്രശ്നമായി വന്നിരിക്കുകയാണ്. കേരളത്തിൽ ഈയൊരു തീരുമാനം വന്നതിനെ തുടർന്ന് 7,732 ഏക്കർ നിരോധിത മേഖലയായും 38,661 ഏക്കർ ഭൂമി നിയന്ത്രിത മേഖലയായും മാറിയിരിക്കുകയാണ്. ജില്ല തിരിച്ച്

പരിശോധിച്ചാൽ പാലക്കാട്, തൃശ്ശൂർ, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ, വയനാട്, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം വരെയുള്ള ജില്ലകളെ മുഴുവൻ ഇത് ബാധിച്ചിരിക്കുകയാണ്. ഇടുക്കിയിൽ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണുള്ളത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറഞ്ഞു. ഇപ്പോൾ തന്നെ എന്തെല്ലാം നിയന്ത്രണങ്ങളാണുള്ളത്. ജനങ്ങൾക്ക് ഒരു തരത്തിലും ഒരു കാര്യവും ചെയ്യാൻ പറ്റാത്ത അവസ്ഥ ഇപ്പോൾ തന്നെയിവിടെ ഉണ്ട്. അതിന്റെ കൂടെ അവിടെ ബഫർ സോൺ ഡാമിന്റെ ചുറ്റും വരികയാണെങ്കിൽ അനങ്ങാൻ വയ്യാത്ത ചുറ്റുപാടാണ് ഉണ്ടാകാൻപോകുന്നത്. ഇത് എല്ലാ ജില്ലകളിലും ബാധകമായി വന്നിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ്. മലയോര മേഖലയിൽ ഇപ്പോൾ വന്യമൃഗങ്ങളുടെ ആക്രമണവും ദുരന്തങ്ങളും ദുരിതങ്ങളും നിമിത്തം ജനങ്ങൾ വലിയ കഷ്ടപ്പാടിൽപ്പെട്ടിരിക്കുന്നതിനിടയിലാണ് ഇപ്പോൾ ഇരുട്ടടിപോല ഈ ഒരു ഉത്തരവ് കൂടി വന്നിരിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത് ഈ ഉത്തരവ് പൂർണ്ണമായും പിൻവലിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ടാണ്.

എങ്കിലും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇത് ഭേദഗതി ചെയ്യുമെന്ന് പറഞ്ഞ ഗവൺമെന്റിന്റെ നിലപാടിനോട് ഞങ്ങൾ സഹകരിക്കുന്നു. ഈ ഉത്തരവിൽ അടിയന്തരമായി മാറ്റം വരുത്തണം. ഇത് വച്ചുതാമസിപ്പിച്ച് ആളുകളെ കഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാകരുത്. ഇപ്പോൾ തന്നെ ആളുകൾ എൻ.ഒ.സി.-ക്കുവേണ്ടി കയറിയിറങ്ങി ബുദ്ധിമുട്ടുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഈ ഉത്തരവ് മരവിപ്പിക്കാൻ അങ്ങ് തയ്യാറാകണം. മലയോര മേഖലയിലെ ജനപ്രതിനിധികളുമായി ഇക്കാര്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് ചർച്ച നടത്താനും തയ്യാറാകണം. ഡാമുകളുടെ സുരക്ഷയ്ക്കുവേണ്ടി ഏതെങ്കിലും ഒരു നിയന്ത്രണം കൊണ്ടുവരികയാണെങ്കിൽ അക്കാര്യങ്ങളോട് സഹകരിക്കുന്നതിനും ആർക്കും വിരോധമില്ല. പക്ഷേ, ജനദ്രോഹകരമായ നിലപാടിലേക്കുപോയി ആളുകൾക്ക് കഷ്ടപ്പാടുണ്ടാക്കുന്ന സ്ഥിതിവിശേഷം വരരുത്. വിവിധ ജില്ലകളിൽ ജനങ്ങൾ പ്രക്ഷോഭം ആരംഭിച്ചു കഴിഞ്ഞു. ഇത് സമരത്തിലേക്ക് വലിച്ചിഴക്കരുത്. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഈ ഉത്തരവ് പിൻവലിക്കാനും അല്ലെങ്കിൽ ഇത് മരവിപ്പിച്ചുകൊണ്ട് ആവശ്യമായ പുനഃപരിശോധനയ്ക്ക് തയ്യാറാകാനും

ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് അഭ്യർഥിക്കുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ടി വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർഥിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഗവൺമെന്റ് പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ടതിൽ വളരെ സന്തോഷമുണ്ട്. ഈ വിഷയത്തിൽ കാണേണ്ട ഒരു കാര്യം, ഇവിടെ പറയപ്പെടുന്ന നിലയിൽ; ബഫർ സോൺ ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആയിരക്കണക്കിന് ഏക്കർ സ്ഥലത്ത് പ്രശ്നമുണ്ടാകുമെന്ന തരത്തിലുള്ള ആശങ്കയുടെ ആവശ്യമില്ല. ചില രേഖകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് ഈ പറഞ്ഞ മേഖലയിലൊന്നും നിലവിൽ ഒരു ആപ്ലിക്കേഷനും ഇല്ല എന്നാണ്. ഇക്കാര്യം വസ്തുതയുടെ അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. ഇതിനുമുമ്പുള്ള 2015-ലെയും 2016-ലെയും അപേക്ഷകൾ ഞാൻ പരിശോധിച്ചു. ആകെ 7 അപേക്ഷകളാണ് വന്നിട്ടുള്ളത്. അവയിൽ ചിലത് നിരസിച്ചു, ചിലതൊക്കെ പരിഹരിച്ചു. ഡാമുകളുടെ 15 മീറ്ററും 17 മീറ്ററും വരെയുള്ള പ്രദേശവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുകയും 10 മീറ്റർ വരെയുള്ള പ്രദേശവുമായി

ബന്ധപ്പെട്ട അപേക്ഷകൾ നിരസിക്കുകയുമാണുണ്ടായത്. ആ നിലയാണ് തുടർന്നും സ്വീകരിച്ചുവന്നിട്ടുള്ളത്. എന്നാൽ പിണറായി സർക്കാർ കർഷകരെ ദോഷകരമായി ബാധിക്കുന്ന ഒരു നടപടിയും എടുത്തിട്ടില്ല. നമുക്കതിൽ ആശങ്കയുടെ ആവശ്യമില്ല. ഇടുക്കിയിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആശങ്കയുണ്ടായിരുന്നു, എന്നാൽ അത് അകലുകയാണ്. 1964-ലെ ഭൂപതിവ് നിയമത്തിലെ ഭേദഗതിയോടുകൂടി ആ ആശങ്ക അകലുകയാണ്. ചട്ടങ്ങൾ രൂപീകരിച്ച് എത്രയുംവേഗം പ്രാബല്യത്തിൽ കൊണ്ടുവരികയാണ്. സാധാരണക്കാരെയും ദുരിതം അനുഭവിക്കുന്ന ജനങ്ങളെയും അവർ നിർമ്മിച്ച നിർമിതികളെയും റെഗുലറൈസ് ചെയ്യാൻ കൊണ്ടുവരുന്ന ഈ നിയമം ചട്ടം കൊണ്ടുവന്ന് നടപ്പിലാക്കുമ്പോൾ ജനങ്ങളുടെ ആശങ്ക അകലുന്നതാണ്. അതുകൊണ്ട് അത്തരം വിഷയങ്ങളിലൊന്നും ഒരു പ്രശ്നം നമുക്ക് ആവശ്യമില്ല. ഇടുക്കി ജില്ലയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കുറേ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമല്ല കേരളത്തിൽ പൊതുവിലുണ്ട്. എന്നാൽ കൂടുതലും ബാധിക്കുന്നത് ഇടുക്കി ജില്ലയിലാണ്. മെറ്റീരിയൽസ് കൊണ്ടുവരാൻ സാധിക്കുന്നില്ല, സാധനങ്ങളുടെ ലഭ്യതക്കുറവും ഉണ്ടാകുന്നുണ്ട്. ഇക്കാര്യങ്ങൾ

സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഒരു ഘട്ടം ചർച്ച നടത്തികഴിഞ്ഞു. അതിലൂടെ അടിയന്തരമായ പരിഹാരം കൊണ്ടുവരിക എന്നുള്ളതാണ് മറ്റൊരു ഘട്ടത്തിൽ ചിന്തിച്ചിട്ടുള്ളത്. ഗവൺമെന്റ് ചിന്തിക്കുന്ന പ്രധാനപ്പെട്ട കാര്യമെന്താണ്? എത്രയോ ഗവൺമെന്റുകൾ മാറി മാറി വന്നു. ഇറിഗേഷൻ വക സ്ഥലം; പൊന്നും വിലയ്ക്ക് വാങ്ങിയ സ്ഥലം; കാലങ്ങളായി പലരുടെയും കൈവശമിരിക്കുന്ന സ്ഥലത്തിന് പട്ടയം കൊടുക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചു. എന്നാൽ നമുക്കതിലേക്ക് പോകാൻ കഴിഞ്ഞില്ല. അവരെ കുറ്റപ്പെടുത്താൻ സാധിക്കില്ല. ചില കാര്യങ്ങളും നിയമപരമായ സാധ്യതകളും പരിശോധിച്ചപ്പോൾ ഒരുപക്ഷേ സാധ്യമാക്കാൻ കഴിഞ്ഞില്ലെന്നു വരാം. എന്നാൽ ഈ ഗവൺമെന്റ് വീണ്ടും അത് പരിശോധിച്ചു. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരു നോട്ട് ഇറിഗേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ എനിക്ക് തന്നു. അവിടെ പട്ടയം കൊടുക്കാൻ സാധ്യമാകുമോ എന്നത് സംബന്ധിച്ച് ഞങ്ങൾ റവന്യൂമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ഞാനും വനം വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയുടെ മണ്ഡലവുംകൂടി ഉൾപ്പെട്ട പ്രദേശമെന്ന നിലയിൽ ശ്രീ. കെ.ബി. ഗണേഷ് കുമാറും

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും പാറശ്ശാല എം.എൽ.എ. ശ്രീ. സി. കെ. ഹരീന്ദ്രനും പങ്കെടുത്തിരുന്നു. ഞങ്ങൾ ആ യോഗത്തിൽ ഈ വിഷയങ്ങളെല്ലാം സവിസ്തരം പരിശോധിച്ചു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രശ്നവും പരിശോധിച്ചു. അതിൽ ഞങ്ങൾ മനസ്സിലാക്കിയ കാര്യം, ഏകദേശം ഇതിന്റെ ഭാഗമായി 40-45 വർഷക്കാലമായി ഭൂമി കൈവശമുണ്ടായിരുന്നെങ്കിലും അവർക്കൊരു ലോണിന് അപേക്ഷിക്കാനോ കുട്ടികളുടെ പഠന സാഹചര്യങ്ങളിലേക്ക് പോകാനോ സാധിച്ചിരുന്നില്ല. അപ്പോൾ നമുക്കെന്തിനാണ് നിയമം. അതിനെ നമ്മൾ ലഘൂകരിക്കുക എന്നുള്ളതാണ്. അവർക്ക് എത്രത്തോളം എക്സ്റ്റൻഡ് വേണം എന്നതെല്ലാം ഗവൺമെന്റ് തീരുമാനിക്കും. പക്ഷെ അവർക്കൊരു സാധ്യതയുണ്ടാകട്ടെ. ഞങ്ങൾ കല്ലട ഇറിഗേഷൻ പ്രോജക്ട്, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട്, നെയ്യാർ ഡാമിന്റെ catchment area എന്നിങ്ങനെയുള്ള പ്രദേശങ്ങൾ പരിശോധിച്ചപ്പോൾ ആ സ്ഥലത്തുതന്നെ ഉൾപ്പെടുന്ന പതിനായിരത്തിലധികം കുടുംബങ്ങൾക്ക് പട്ടയം കൊടുക്കേണ്ടതുണ്ട്. ഈ വിഷയം സംബന്ധിച്ച് പ്രതിപക്ഷനേതാവ് ഒരു ഘട്ടത്തിൽ സഭയിൽ പറഞ്ഞത് ഞാൻ ഓർക്കുന്നു. ആ വിഷയം സംബന്ധിച്ച് ഇറിഗേഷൻ

ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട കടലാസ്സുകൾ പരിശോധിക്കുമ്പോൾ സ്വാഭാവികമായും കൊടുക്കാൻ സാധ്യമല്ല എന്ന നില തന്നെയാണ് കാണുന്നത്. പക്ഷേ ടി വിഷയം പോസിറ്റീവായി പരിഗണിച്ച് പട്ടയം കൊടുക്കണമെന്നൊരു നിലപാട് സ്വീകരിച്ച ഗവൺമെന്റാണ് പിണറായി സർക്കാർ. ഇത് കേരളത്തിൽ ഒരു ചരിത്ര സംഭവമല്ലേ. നമ്മളെല്ലാം കൂടിയാലോചിച്ച് പതിനായിരം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുക എന്നത് ചെറിയ കാര്യമാണോ. ആ നിലയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

മറ്റൊരു കാര്യം കൃഷിഭൂമിയുമായി ബന്ധപ്പെട്ടുള്ളതാണ്. കർഷകനെ സംബന്ധിച്ചിടത്തോളം കൃഷിഭൂമിയാണ് പ്രധാനപ്പെട്ട കാര്യം. കാലവർഷക്കെടുതിയിൽ ദുരന്തം ഉണ്ടായാൽ ഏതാണ്ട് അടുത്ത കാലവർഷം വരെയുള്ള സമയം കൊണ്ട് കുറേ അന്വേഷണങ്ങൾ നടത്തി കൃഷി നാശത്തിന് തുക അനുവദിക്കുന്ന രീതി പണ്ടു കാലം മുതൽതന്നെ തുടർന്നുവരുന്നുണ്ട്. എന്നാൽ വേനൽച്ചൂടിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷിനാശത്തിന് നഷ്ടപരിഹാരം കൊടുത്ത ഒരു കാലഘട്ടം കേരളത്തിൽ ഉണ്ടായിട്ടില്ല. ഈ അടുത്ത കാലത്ത് വേനൽച്ചൂട് ഉണ്ടായപ്പോൾ ഏലകൃഷിയെ അത് സാരമായി ബാധിച്ചു. ആ

ഘട്ടത്തിൽ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയെ ഞാൻ വിവരമറിയിക്കുകയും എന്റെ മണ്ഡലവും ജില്ലയും ആയതുകൊണ്ട് അവിടെയുണ്ടായ നഷ്ടം അദ്ദേഹം നേരിട്ട് വന്ന് പരിശോധിക്കുകയും പിന്നീട് അതുസംബന്ധിച്ച് അപേക്ഷകൾ സ്വീകരിച്ച് അത് വിലയിരുത്തുകയും ചെയ്തു. അങ്ങനെ നമ്മുടെ കേരള രാഷ്ട്രീയ ചരിത്രത്തിലും സംസ്ഥാനത്തിന്റെ ഭരണ ചരിത്രത്തിലും കാണേണ്ട ഒരു കാര്യം, വേനൽക്കാലത്തുണ്ടായ അത്തരം ദുരന്തങ്ങൾക്കും നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനിച്ച് 10 കോടി രൂപ കർഷകർക്ക് കൊടുത്ത ഗവൺമെന്റാണ് പിണറായി സർക്കാർ എന്നുള്ളതാണ്. അത്തരം യാഥാർത്ഥ്യങ്ങളെ നമുക്ക് മാറ്റിവയ്ക്കാൻ കഴിയില്ല. പിന്നെ ഇങ്ങനെയുള്ള ചില പ്രശ്നങ്ങളൊക്കെ ഉണ്ടാകും. ഞാൻ ഒരു കേസ് ശ്രദ്ധിച്ചു, നമ്മുടെ അസംബ്ലിയിൽത്തന്നെ വന്നതാണ്. ഇടമലയാർ കേസുമായി ബന്ധപ്പെട്ടതാണ്. ഇടമലയാർ പദ്ധതിയുണ്ടാകുന്നതിനായി അവിടെ സ്ഥലം വിട്ടുകൊടുത്തു. അത്തരത്തിൽ സ്ഥലം വിട്ടുകൊടുത്ത സന്ദർഭത്തിൽ പകരം ഭൂമി നൽകേണ്ടി വന്നിട്ടുണ്ട്. പകരം ഭൂമി നൽകിയതിന്റെ ഭാഗമായി ഇടമലയാർ പദ്ധതിക്കുവേണ്ടി 115 ഏക്കർ ഭൂമിയാണ് വിട്ടുകൊടുക്കേണ്ടിവന്നത്. അതിൽ ഏതാണ്ട് 52 ഹെക്ടർ ഭൂമി മൂവാറ്റുപുഴവാലി

ഇറിഗേഷൻ പ്രോജക്റ്റിലും 65.46 ഹെക്ടർ ഭൂമി കാരാപ്പുഴ പ്രോജക്റ്റിലും കൊടുക്കേണ്ടിവന്നു. ഒരു ഘട്ടത്തിൽ ഇത് വലിയൊരു ഇഷ്യൂ ആയിത്തീർന്നു. ഇതിന്റെ നടപടികൾ തുടരുന്ന സമയത്ത് പന്ത്രണ്ടര ഏക്കർ ഭൂമി ഫോറസ്റ്റേഷന് സാധ്യമല്ലെന്ന് വനം വകുപ്പ് പറയുകയും പകരം ഭൂമി ആവശ്യപ്പെടുകയുംചെയ്തു. അത് മലങ്കര ഡാം പ്രദേശത്ത് കൊടുക്കാൻ പോകുകയാണെന്ന രീതിയിൽ വലിയ പ്രശ്നങ്ങളുണ്ടായില്ലേ; എന്നാൽ ജലവിഭവ വകുപ്പ് ഭൂമി കൊടുക്കില്ലെന്ന നിലപാടെടുത്തില്ലേ? വനം വകുപ്പിന് കൊടുക്കാനുള്ള ഭൂമി ആദ്യമേതന്നെ കൊടുത്തുകഴിഞ്ഞു. വീണ്ടും പകരം ഭൂമി കേരളത്തിൽ കൊടുക്കാൻ സാധിക്കില്ല എന്നുപറഞ്ഞു. കേരളത്തിൽ അങ്ങനെ പകരം ഭൂമി കൊടുത്തിട്ടില്ല. പക്ഷേ, എന്തുചെയ്യാനാണ്, പ്രശ്നങ്ങളും സമരങ്ങളും അവിടെയുണ്ടായി. എന്നാൽ പിന്നീട് ജനങ്ങൾക്ക് അക്കാര്യം ബോധ്യപ്പെട്ടു. ഇറിഗേഷൻ വകുപ്പ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത് ഇറിഗേഷൻ ടൂറിസം കൊണ്ടുവരിക എന്നതാണ്. ഇത് വരേണ്ടത് ഡാം, ഡാം അനുബന്ധ പ്രദേശങ്ങളിലാണ്. മലങ്കരയിൽ ബി.ഒ.ടി., (Build-Operate-Transfer) പി.പി.പി. (Public Private Participation) മോഡലുകളിൽ ബൃഹത്തായ

ടൂറിസം പദ്ധതി നടപ്പിലാക്കും. കാഞ്ഞാർ-കുടയത്തൂർ-അറക്കുളം ഉൾപ്പെടെയുള്ള പ്രദേശങ്ങളെ സമഗ്രമായി പരിപോഷിപ്പിക്കുന്നതിന് ടൂറിസം പദ്ധതിക്ക് നേതൃത്വം കൊടുക്കും. അതോടൊപ്പംതന്നെ എറണാകുളം ജില്ലയിലും പാലക്കാട് ജില്ലയിലും രണ്ട് പ്രോജക്ടുകൾ പൈലറ്റ് പ്രോജക്ടായി ഓൺചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം കായിക രംഗത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന വിധത്തിൽ കളിസ്ഥല നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നുതുടങ്ങി ഏത് പ്രാദേശിക ഭരണ സംവിധാനങ്ങൾ ആവശ്യപ്പെട്ടാലും സ്ഥലം നൽകാൻ തയ്യാറാണ്. വകുപ്പിന്റെ അന്യാധീനപ്പെട്ടുകിടക്കുന്ന സ്ഥലത്ത് കയറിക്കൂടി കുറേയേറെ കളികളുംമറ്റും ഇപ്പോൾത്തന്നെ നടക്കുന്നുണ്ട്, അത് റെഗുലറൈസ് ചെയ്യാമല്ലോ, അതിനായി ഉത്തരവാദിത്വപ്പെട്ടവരെ ഏൽപ്പിക്കാം. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ലഹരിക്കെതിരെ ഇന്നലെ നടന്ന മീറ്റിംഗിൽ ഞാൻ ഒരുകാര്യം പ്രത്യേകമായി ശ്രദ്ധിച്ചു, യുവാക്കളെ എൻഗേജ് ചെയ്യുക എന്നതായിരുന്നു അതിലെ ഒരു നിർദേശം. അവരെ സംരക്ഷിക്കാനായി കായിക മേഖലയിൽ

ഉണർവുണ്ടാക്കാനുള്ള ഒരു തീരുമാനം അവിടെ ഉണ്ടായി. ജലസേചന വകുപ്പിന്റെ അധീനതയിലുള്ളതും ഇപ്പോൾ ജലസേചന പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലെന്ന് കാണുന്നതുമായ സ്ഥലത്ത് ഇത്തരം സാധ്യതകൾ ഒരുക്കുന്നതിനായി വിട്ടുകൊടുക്കുന്നതിന് വകുപ്പ് തയ്യാറാകുകയാണ്. ജനദ്രോഹകരമായ ഒരു നടപടിയും വകുപ്പ് സ്വീകരിക്കില്ല. ഏത് രംഗത്തും നമുക്ക് ഒരുമിച്ച് നീങ്ങാം. സഭനിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് കാരണമായ വിഷയത്തെക്കുറിച്ച് ഇനിയൊരു ചർച്ചയും ഉണ്ടാകാതിരിക്കട്ടെ, ജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാകാതിരിക്കട്ടെ. 26-12-2024-ലെ ഉത്തരവാണ് ഇതിനെല്ലാം കാരണമെങ്കിൽ ആ ഉത്തരവല്ല മേലിൽ വരുന്നത്. പ്രസ്തുത ഉത്തരവ് സദുദ്ദേശ്യത്തോടെയാണ് കൊണ്ടുവന്നതെങ്കിലും ജനങ്ങൾക്ക് ആ ഉത്തരവിലൂടെയും അതിന്റെ വ്യാഖ്യാനത്തിലൂടെയും ആശങ്കകളുണ്ടായെങ്കിൽ, തെറ്റിദ്ധരിക്കപ്പെട്ടുവെങ്കിൽ ഗവൺമെന്റ് ആ കാര്യത്തിൽ മാറ്റം വരുത്തുന്നു. എല്ലാവരുമായി കൂടിയാലോചിച്ചശേഷം, ജനങ്ങൾക്ക് ദ്രോഹമില്ലാത്ത, ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ, പരിസ്ഥിതിയെയും ഡാമുകളെയും സംരക്ഷിക്കാനുതകുന്ന വിധത്തിൽ കാര്യങ്ങൾ രൂപപ്പെടുത്താം, ഉചിതമായ

തീരുമാനം കൈക്കൊള്ളാം. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ സൂചിപ്പിച്ചത് വളരെ ഗുരുതരമായ വിഷയമായിട്ടും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉത്തരവ് മോഡിഫൈ ചെയ്യുമെന്നാണ് മറുപടി പറഞ്ഞിരിക്കുന്നത്, അതിനുശേഷം സംസാരിച്ചത് പട്ടയപ്രശ്നം ഉൾപ്പെടെയുള്ള മറ്റുകാര്യങ്ങളെക്കുറിച്ചാണ്. വളരെ ഗൗരവതരമായ വിഷയമാണ് ഇതെന്ന് ഞാൻ വീണ്ടും സൂചിപ്പിക്കുകയാണ്. കേരളത്തിൽ ഈ ഡാമുകൾ നിലവിൽ വന്നിട്ട് എത്ര വർഷങ്ങളായി?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, മോഡിഫൈ ചെയ്യാമെന്ന് ഞാൻ പറഞ്ഞതിന്റെ അർത്ഥം 26-12-2024-ലെ ഉത്തരവുതന്നെ നിലനിൽക്കില്ല എന്ന അർത്ഥത്തിൽതന്നെയാണ്. മതിയായ ആലോചനയോടുകൂടി

ബുദ്ധിമുട്ടില്ലാത്തവിധത്തിൽ പ്രസ്തുത കാര്യത്തിൽ തീരുമാനമെടുക്കാം. കാരണം, നാളിതുവരെ കേരളത്തിൽ ഈ പറയപ്പെടുന്ന ഏരിയയിൽ ഒരു നിർമ്മിതിക്കുപോലുമുള്ള അപേക്ഷയില്ല. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട പ്രദേശത്തെ എം.എൽ.എ.-മാരോട് ഉൾപ്പെടെ കൂടിയാലോചിച്ച് പൊതുവായി ഒരു സംരക്ഷണം ഉറപ്പുവരുത്തുന്ന രീതിയിൽ നടപടി സ്വീകരിക്കാം. അതുകൊണ്ടുതന്നെ 26-12-2024-ലെ ഉത്തരവ് നിലനിൽക്കുമെന്ന് അർത്ഥമാക്കേണ്ടതില്ല.

മി. സ്പീക്കർ: സമവായത്തിലേക്ക് എത്താമെന്ന് പറയൂ...

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിൽ ഡാമുകൾ നിലവിൽ വന്നിട്ട് പതിറ്റാണ്ടുകളായി, ഇതുവരെയില്ലാത്ത ഒരു നിയന്ത്രണമാണ് 26-12-2024-ലെ ഉത്തരവിലൂടെ വന്നിരിക്കുന്നത് എന്നതാണ് ഇതിലെ പ്രധാന പ്രശ്നം. നമ്മുടെ ഡാമുകളെല്ലാം അതിന്റെ വൃഷ്ടിപ്രദേശങ്ങൾ മുഴവൻ ജണ്ടകെട്ടിത്തിരിച്ചിട്ടുണ്ട്. ഇടുക്കി ഡാമിന്റെ പരിസരത്ത് പട്ടയം കൊടുക്കുന്ന കാര്യം പറഞ്ഞപ്പോൾ ഇവിടെ ഉണ്ടായ തീരുമാനം എന്തായിരുന്നു? ഡാമുമായി ബന്ധപ്പെട്ട് ജണ്ടകെട്ടിത്തിരിച്ച പ്രദേശത്ത് യാതൊരു കാരണവശാലും പട്ടയം

കൊടുക്കാൻ പാടില്ലെന്നും ജണ്ടകെട്ടിത്തിരിച്ചതിന് പുറത്തുള്ള സ്ഥലത്ത് പട്ടയം കൊടുക്കാമെന്നുമായിരുന്നു 2006-ലെ ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൈക്കൊണ്ട തീരുമാനം. എന്നാൽ ഇപ്പോൾ ഈ ഗവൺമെന്റിന്റെ നിലപാട് അന്നത്തേതുതന്നെയാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് പറയാൻ സാധിക്കുമോ; അങ്ങനെയല്ലെങ്കിൽ എന്തുകൊണ്ടാണ് ഇടുക്കി ജില്ലയിലെ ഡാമുകളുടെ ജണ്ട കെട്ടിത്തിരിച്ച പ്രദേശത്തിന് അപ്പുറമുള്ള പ്രദേശത്തേക്ക് പട്ടയം കൊടുക്കാൻ തീരുമാനിച്ചത്? അവിടെ 10 ചെയിൻ, 3 ചെയിൻ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പട്ടയംകൊടുക്കാൻ തീരുമാനിച്ചു. പട്ടയം കൊടുക്കുന്നത് എന്തിനാണ്, ആരുടെയെങ്കിലും പേരിൽ സ്ഥലം ഉണ്ടായിക്കോട്ടെ എന്നുകരുതിയാണോ? അങ്ങനെ ചെയ്യുന്നത് അവർക്ക് വീട് വയ്ക്കാനാണ്. ബാക്കിയുള്ള കേരളത്തിലെ എല്ലാ ഡാമുകളുടെ സ്ഥലത്തും 20 മീറ്റർ വരെയുള്ള പ്രദേശം ബഫർ സോണും അതിനുശേഷം വരുന്ന 100 മീറ്റർ ചുറ്റളവിലുള്ള പ്രദേശം എൻ.ഒ.സി. ആവശ്യമുള്ള സ്ഥലവുമായി കണക്കാക്കുന്ന ഉത്തരവാണ് ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ കേസുമായി ബന്ധപ്പെട്ടുള്ള സാഹചര്യമാണ് പ്രസ്തുത

ഉത്തരവിന് കാരണമായതെന്നാണ് ഉത്തരവിൽത്തന്നെ പറഞ്ഞിരിക്കുന്നത്. എന്നാൽ ഹൈക്കോടതി കേസിന്റെ വർഷം ആ ഉത്തരവിൽ കാണിച്ചിട്ടില്ല. W(PC)No.26710 എന്നാണ് അതിൽ എഴുതിയിരിക്കുന്നത്. ഞങ്ങൾ ഇക്കാര്യം വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ പ്രസ്തുത കേസ് വന്നിരിക്കുന്നത് 2024-ൽ ആണെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഈ കേസ് കോടതിയിൽ വന്നിരിക്കുന്നത് 2024-ലാണ്. എന്നാൽ അതിനുമുമ്പ് 2023-ൽത്തന്നെ എൻ.ഒ.സി. സംബന്ധിച്ച് ഗവൺമെന്റ് ഒരു ഉത്തരവിറക്കിയിട്ടുണ്ട്. അതായത്, ഹൈക്കോടതിയിൽ കേസ് വരുന്നതിനുമുമ്പുതന്നെ അങ്ങനെ വന്നിട്ടുണ്ട്, അതുകൊണ്ടുതന്നെ ഹൈക്കോടതിയിലെ കേസാണ് ഈ ഉത്തരവിനാധാരം എന്നുപറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഈ കേസ് വന്നത് 2024-ൽ മാത്രമാണ്, എന്നാൽ 2023-ൽ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുണ്ടല്ലോ, G.O.(Ms)No.22/2023/WRD, ഇത് 2023-ൽത്തന്നെ ജലസേചന വകുപ്പ് എൻ.ഒ.സി. സംബന്ധിച്ച് ഒരു കമ്മിറ്റിയെ വച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൽ പറയുന്നത് "The Chairperson shall take urgent necessary action for the formulation of the guidelines which

will govern the process of issuance of NOC in the subject matter.” എന്നാണ്. എന്തായാലും അതിനുമുമ്പുതന്നെ ഇതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രത്യേക ഡയറക്ഷൻ ഇതിലുണ്ടായിരുന്നില്ലെന്ന് വ്യക്തമാണ്. ഇതിൽ സംഭവിക്കുന്ന പ്രശ്നം എന്താണ്? ഒന്നാമതായി കേരളത്തിന്റെ ജനസാന്ദ്രത നമ്മൾ പരിഗണിക്കണം. അതുകൂടാതെ, കുറെയേറെ ജില്ലകളിൽ ഫോറസ്റ്റ് ആക്ട്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, സി.ആർ.ഇസഡ്. തുടങ്ങി ധാരാളം പ്രശ്നങ്ങൾ ഇപ്പോൾത്തന്നെയുണ്ട്. വളരെക്കുറച്ച് സ്ഥലത്തുമാത്രമെ നമുക്ക് ഭവന നിർമ്മാണം സാധ്യമാകുകയുള്ളൂ. 10 സെന്റിൽ താഴെ ഭൂമി മാത്രം കൈവശമുള്ള ഒരു വ്യക്തിക്ക് ഈ നിയമങ്ങളെല്ലാം പാലിച്ചുകൊണ്ട് എവിടെ വീട് നിർമ്മിക്കാൻ സാധിക്കും? ഈ നിയമം ബാധിക്കുന്ന ആയിരക്കണക്കിനാളുകൾ കേരളത്തിലുണ്ട്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇതിനോടൊന്നും എതിരായുള്ള സമീപനമല്ല ഞാൻ ഇവിടെ സംസാരിക്കുമ്പോൾ സ്വീകരിച്ചത്. പത്ത് സെന്റ് ഭൂമിയിൽ വീട് വയ്ക്കുന്നതിനെക്കുറിച്ചുള്ള തടസ്സത്തെക്കുറിച്ചും ഞാൻ പറഞ്ഞതിൽ

ബാധകമല്ല. പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാൻ തീരുമാനിച്ചത് അതുകൊണ്ടാണല്ലോ? ആ വിഷയം അവിടെ നിൽക്കട്ടേ, ഇവിടെ എന്താണുണ്ടായതെന്ന് പറയാം. ഡാം സേഫ്റ്റി ആക്ട് നിലവിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന സബ്ജക്ടിന് പ്രാധാന്യമില്ലാതെവന്നു. അതായത് ഒരു ഗ്യാപ് അവിടെ നിലവിൽവന്നു. അത് പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള ഒരു മാനദണ്ഡം ആവശ്യമാണ്. ഉദാഹരണത്തിന് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡാണെന്ന് കരുതുക, ആ റോഡിനോട് ചേർന്നുകിടക്കുന്ന സ്ഥലം പട്ടയ ഭൂമിയാണെങ്കിലും കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് കൊടുക്കുമ്പോൾ പി.ഡബ്ല്യൂ.ഡി.-യുടെ മാനദണ്ഡങ്ങൾക്കനുസരിച്ചല്ലേ NOC കൊടുക്കാൻ സാധിക്കുകയുള്ളൂ, ഏതെങ്കിലും തരത്തിലുള്ള ഒരു കണ്ടീഷൻ ബാധകമാകണ്ടേ? ഞാൻ പറയട്ടേ, നിങ്ങൾ പറഞ്ഞത് ആലോചിക്കാം, അതിനെക്കുറിച്ച് തർക്കമില്ല. കേരളത്തിലെ എല്ലാ ഡാമുകളും ഒരേ സ്ഥിതിയിലാണോ? പാരിസ്ഥിതികമായ പ്രശ്നങ്ങളും വിഷയങ്ങളും അവിടങ്ങളിൽ ബാധിക്കുന്നത് പലവിധത്തിലാണ്. അതുകൊണ്ടുതന്നെ പൊതുവായി ഇപ്പോൾ ഇറക്കിയിരിക്കുന്ന (26-12-2024-

ലെ) ഉത്തരവ് ക്വാഷ് ചെയ്യുന്നു. ജനങ്ങൾക്ക് ആശയക്കുഴപ്പവും ആശയങ്കയുമില്ലാതെ ചെയ്യുന്നതിന് എന്താണ് വേണ്ടതെന്ന് പരിശോധിക്കാം. ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷനെ നിയമിച്ചത് അതിന്റെ പേരിലാണ്. അതായത് ഡാം സേഫ്റ്റി സംബന്ധിച്ച ആക്ട് നിർജീവമായപ്പോൾ പകരം മറ്റൊരു മാനദണ്ഡവും നിലവിലില്ലാതെവന്നപ്പോഴാണ് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ആവശ്യമാണല്ലോ എന്നുകരുതിയാണ് ഉത്തരവ് കൊണ്ടുവന്നത്. ഉപക്ഷേപത്തിലെ കാര്യങ്ങളോട് യാതൊരു വിയോജിപ്പുമില്ല, നിങ്ങൾ പറഞ്ഞ കാര്യങ്ങളോട് ഗവൺമെന്റ് തത്വത്തിൽ യോജിക്കുകയാണ്. മേൽസൂചിപ്പിച്ച രീതിയിൽ ആശയക്കുഴപ്പമുണ്ടായ സാഹചര്യത്തിൽ അത് പരിശോധിക്കാനുള്ള തീരുമാനമെടുക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഒന്നാമതായി നമ്മൾ ഒരു ആശയക്കുഴപ്പത്തിലേക്ക് എത്തിച്ചേരേണ്ട ആവശ്യം ഇതിലില്ല, കാരണം ഞങ്ങൾ ഇവിടെ ഉന്നയിച്ച ആവശ്യം നൂറ് ശതമാനവും ശരിയാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഗവൺമെന്റും സമ്മതിച്ചിരിക്കുകയാണ്. രണ്ടാമതായി, ബിൽഡിംഗ് റൂൾസ് അവിടെയും ബാധകമല്ലേ; PWD

റോഡുകളുടെ സൈഡിൽ ഡാമിന്റെ സമീപമാണെങ്കിലും നിർമ്മാണം സാധിക്കുമോ? ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞ നിയമങ്ങൾ എല്ലായിടത്തും ബാധകമാണ്. ഡാമിന്റെ പരിസരത്ത് വീട് നിർമ്മിക്കുമ്പോൾ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ബാധകമാണ്. നിലവിലുള്ള നിയമങ്ങൾ കൂടാതെ, അതായത് ഇപ്പോൾ പ്രാബല്യത്തിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളുടെയും പൊതുമരാമത്ത് റോഡ് സംബന്ധിച്ച നിയമങ്ങളുടെയും തലയ്ക്കുമീതേയാണ് ഈ പുതിയ ഉത്തരവ് വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ ഉത്തരവ് നടപ്പാക്കിയാൽ ഇരിട്ടി ടൗൺ പ്രദേശത്തുൾപ്പെടെ നിയന്ത്രണം വരും. ഇതിലെ ഒരു പ്രായോഗിക കാര്യം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇങ്ങനെ ഒരു ഉത്തരവ് നിലനിൽക്കുമ്പോൾ ഉദ്യോഗസ്ഥർ ഇത് ദുർവ്യാഖ്യാനം ചെയ്യും. ഈ ഓർഡർ പിൻവലിക്കുമെന്ന ഒരു ഉറപ്പുമാത്രം നൽകിയാൽ മതി.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, 26-12-2024-ൽ പുറപ്പെടുവിച്ച ഉത്തരവ് ആശങ്കകളും ആശയക്കുഴപ്പവും സൃഷ്ടിക്കുന്നതാണെന്ന് ബോധ്യം വന്നതിനാൽ ആ ഉത്തരവ് നടപ്പാക്കില്ല. അതിനനുയോജ്യമായ കാര്യങ്ങൾ കൂടിയാലോചിച്ച് ചെയ്യാം.

Mr. Speaker: The answer is clear.. ഇത് രണ്ടും നേരത്തെ പറഞ്ഞതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇക്കാര്യം നേരത്തെ പറഞ്ഞിട്ടില്ല. നേരത്തെ പറഞ്ഞത് ഉത്തരവ് പരിഷ്കരിക്കാമെന്നാണ്, പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. അതായത് ഉത്തരവ് നിലനിന്നുകഴിഞ്ഞാൽ അത് നടപ്പാക്കില്ലെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഉത്തരവ് പിൻവലിക്കുമെന്ന് പറഞ്ഞാൽ മതി.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഉത്തരവ് പിൻവലിക്കാതെ മറ്റൊന്ന് ഇറക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: അത് ക്ലിയർ ആണ്, He has stated....

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങളും സമ്മതിച്ചിരിക്കുന്നു.